# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കീരംപാറ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം (പി 14)2316/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 17.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
കീരംപാറ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : കീരംപാറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീരംപാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3. കാര്യാലയ പകർപ്പ്.

നം.കെഎസ്എ-ഇകെഎം (പി 14)2316/2018 തീയതി : 17.12.2018

## എറണാകുളം ജില്ലയിലെ കീരംപാറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

എറണാകുളം ജില്ലയിലെ കീരംപാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 17.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഏഴ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എഴെണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ജയ.സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 19.11.2018 മുതൽ 29.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ. അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ. സജീവ് എൻ.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ശ്രീജിത്ത് സി.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ടിനു കെ.ജെ. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ. ബെന്നി പോൾ | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീമതി. സിനി യാക്കൂബ് | 1.4.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ. ബിനോയ് സി. പുല്ലൻ. | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീമതി. ബിജി ജോണി | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ. അയ്യപ്പൻ ചാർത്താവ് | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീമതി.പി.വി.ചിന്നമ്മ | 1.4.2017 | 2.9.2017 |
| | ശ്രീമതി. ഡാർലിമോൾ ചെറിയാൻ (ഇൻ ചാർജ്) | 3.9.2017 | 2.10.2017 |
| | ശ്രീമതി. പി.വി.ചിന്നമ്മ | 3.10.2017 | 10.11.2017 |
| | ശ്രീമതി. ഡാർലിമോൾ ചെറിയാൻ (ഇൻ ചാർജ്) | 11.11.2017 | 6.12.2017 |
| | ശ്രീമതി. സിന്ധു.വി | 7.12.2017 | 31.3.2018 |
| അസിസ്റ്റന്റ് സെക്രട്ടറി (6.6.2017 to 9.8.2017 വരെ ഒഴിവ്) | ശ്രീമതി. ഹസീന പി. മൈതീൻ | 1.4.2017 | 5.6.2017 |
| | ശ്രീമതി. ഡാർലിമോൾ ചെറിയാൻ | 10.8.2017 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ലിനി.പി | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, | ഡോ.അഞ്ജന.കെ.ഇ | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മിനിമോൾ.കെ.ആർ | 1.4.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. രാധ കെ.കെ | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസര്(നാട്ടുകാണി) | ഷിജോ തങ്കപ്പൻ | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ | ജാൻസി പൗലോസ് | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| ഓഫീസർ (കീരംപാറ) | | | |
| വെറ്ററിനറി സർജൻ | ഡോ. ജെസ്സി ജെയ്സൺ | 1.4.2017 | 18.6.2017 |
| | ഡോ.ഷൈജ്ജ | 19.6.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ഹരി.ആർ | 1.4.2017 | 31.7.2017 |
| | ശ്രീ. ലാലു | 1.8.2017 | 31.3.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. സുജിത്ത് പി.ആർ | 1.4.2017 | 15.10.2017 |
| | ശ്രീമതി. എലിസബത്ത് സി. ജോർജ് | 16.10.2017 | 31.3.2018 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ശോഭന.വി.എസ് | 1.4.2017 | 31.3.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ധനകാര്യ പത്രികയിലെ മറ്റു അപാകതകൾ | 1-12 | |
| 13 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത് | 1-13 | |
| | ഭാഗം 2<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | തൊഴിൽ നികുതി അപാകതകൾ | 2-1 | |
| | ഭാഗം- 3<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകത | 3-1 | |

| | | | |
|---|---|---|---|
| 16 | ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ – അപാകത | 3-2 | |
| 17 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നത്-അപാകത | 3-3 | |
| 18 | വയോജനങ്ങൾക്ക്കട്ടിൽ (എസ്.സി), വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ)- അപാകത | 3-4 | |
| 19 | കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ കുടിശ്ശിക കുടിവെള്ള ചാർജ്ജ് അടച്ചതിലെ അപാകത | 3-5 | |
| 20 | ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾ | 3-6 | |
| 21 | സാമൂഹ്യ സേവന പെൻഷൻ വിതരണത്തിലെ അപാകതകൾ | 3-7 | |
| 22 | പാലിയേറ്റീവ് കെയർ പദ്ധതിയിലെ അപാകതകൾ | 3-8 | |
| 23 | തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ | 3-9 | |
| 24 | മറ്റ് അപാകതകൾ | 3-10 | |
| 25 | വിവിധ പ്രൊജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിക്കുന്നില്ല. | 3-11 | |
| 26 | പൊതു ടാപ്പുകൾ കുടിശ്ശിക തുക | 3-12 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന | 4-10 | |

| | | | |
|---|---|---|---|
| | റിപ്പോർട്ടുകൾ | | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 23.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.2.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 01.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 21.6.2018 & 22.6.2018 | KSA-EKM(PG)1786 (30)/18 /02.07.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2845026.00 |
| വരവ് | 40167902.00 |
| ആകെ | 43012928.00 |
| ചെലവ് | 40061668.00 |
| നീക്കിയിരിപ്പ് | 2951260.00 |

# 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9324000 | 9324000 | 7831267 | 0 | 1492733 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3473877 | 3473877 | 3100742 | 0 | 373135 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 93961 | 93961 | 93961 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8309197 | 8309197 | 7706077 | 0 | 603120 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 1913252 | 0 | 677748 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4378089 | 4378089 | 3480722 | 0 | 897367 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 0 | 0 | 0 | 0 | |
| എം.എൻ ആർ.ഇ. ജി.എസ്. | 30 | 520180 | 520210 | 519994 | 216 | 0 |
| ദുരിതാശ്വാസ നിധി (30409 + പലിശ 4731) | 241352 | 35140 | 276492 | 0 | 276492 | |
| ട്രഷറി ടി. എസ്. ബി. ജോയിന്റ് വെഞ്ചർ | 0 | 2071125 | 2071125 | 1716537 | 354588 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 834737 | 6776000 | 7610737 | 7854002 | 243265 | 0 |
| ട്രഷറി | 0 | 422963 | 422963 | 422963 | 0 | 0 |
| ട്രഷറി TP a/c | 100 | 0 | 100 | 0 | 100 | 0 |
| തനത് ഫണ്ട് | 1768807 | 8321741 | 10090548 | 7527419 | 2563129 | 0 |
| ബി. ഫണ്ട് | 0 | 18602880 | 18602880 | 18602880 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 137 | 41979272 | 108 | 25779268 | 4 | 25 | 78.83 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | | | | | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | | | | |
| ആകെ | | | | | |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11280 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 2865700 | 961 |
| വിധവാപെൻ ഷൻ | 5244600 | 1720 |
| വാർദ്ധക്യകാല പെൻഷൻ | 7725500 | 2062 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2034100 | 640 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 601700 | 194 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2018 -ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 484/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, അധികവിഭവ സമാഹരണ സാദ്ധ്യത കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയെ സഹായിക്കുക, സ്റ്റേക്ക് ഹോൾഡർമാർ, ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചന നടത്തുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, എന്നിവരെയൊക്കെ കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങളൊന്നും ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി യാതൊരു രേഖയിലും കാണുന്നില്ല. പകരം ആസൂത്രണ സമിതിയുടെ പ്രവർത്തനം കേവലം ചില നിർദ്ദേശങ്ങളിലും ആഹ്വാനങ്ങളിലും ഒതുങ്ങി.
2. സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്ടുകൾ തയ്യാറാക്കുക, പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവ്വഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാദ്ധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസനസെമിനാർ എന്നിവയ്ക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. ഇവയൊന്നും നിർവ്വഹിച്ചില്ലെന്ന് മാത്രമല്ല ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് ഒരൊറ്റ പ്രൊജക്ടിൽ പോലും നടത്തിയില്ല എന്ന് കാണുന്നു.
3. വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കവും ഇടപെടലുകളും നടത്തുക, തീരുമാനങ്ങൾ ഭരണസമിതിയെക്കൊണ്ട് വേഗത്തിൽ എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക, നിർദ്ദേശങ്ങൾ മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. ഈ രംഗത്ത് പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. എന്നാൽ നിർവഹണ ഉദ്യോഗസ്ഥരുടെ മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ നടത്തി പ്രവർത്തനം വിലയിരുത്തിയത് അഭിനന്ദനാർഹമാണ്.
4. മുൻ വർഷത്തെ സമാന പദ്ധതികളുടെ പ്രവർത്തനങ്ങളുടെ ജയപരാജയങ്ങൾ ച്രച്ച ചെയ്യാതിരുന്നത് മറ്റൊരു പോരായ്മയാണെന്ന് ചൂണ്ടിക്കാട്ടുന്നു.
5. വികസന സെമിനാർ സർക്കാർ നിർദ്ദേശിച്ച രീതിയിൽ നടപ്പിലായതായി കണ്ടില്ല. 150 ഓളം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും 65 ഗ്രാമസഭ മെമ്പർമാരും അടക്കം 250 ഓളം വ്യക്തികൾ പങ്കെടുക്കേണ്ട വികസന സെമിനാറിൽ 95 പേരാണ് പങ്കെടുത്തതായി കാണുന്നത്. വികസന സെമിനാറിലെ പല നിർദ്ദേശങ്ങളും പരിഗണിച്ചോ ഇല്ലയോ എന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

6. വി.ഇ.ഒ നിർവ്വഹണം നടത്തിയ വീട് മെയിന്റനൻസ്, വീട് വാസയോഗ്യമാക്കൽ എന്നീ പദ്ധതികളിൽ അസിസ്റ്റന്റ് എഞ്ചിനിയർ വാല്യൂവേഷൻ റിപ്പോർട്ട് നൽകുന്നത് എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ്. എത്രയാണോ സബ്സിഡിയായി ഗുണഭോക്താവിന് തുക അനുവദിക്കുന്നത്, അതിന് മുകളിലായി വരുന്ന തുകയ്ക്കുള്ള വാല്യൂവേഷൻ നൽകുന്നതായി കാണുന്നു. ഏതെല്ലാം പ്രവർത്തികളാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കുന്ന വാല്യൂവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക അനുവദിക്കേണ്ടത്. പഞ്ചായത്ത് കമ്മറ്റി ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.</u>

1. നേരിട്ട് ഗുണഭോക്താക്കൾക്ക് ബാങ്കിലേക്ക് തുക നൽകുന്ന സാഹചര്യങ്ങളിൽ തുക ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്ന് ഉറപ്പിക്കാനാകുന്നില്ല. ആയതിനായി എല്ലാ ഗുണഭോക്താക്കളുടെയും ഫോട്ടോ പതിപ്പിച്ച ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, ഗുണഭോക്താക്കളുടെ പേരും അക്കൗണ്ട് നമ്പരും എഴുതിയ ട്രഷറി/ബാങ്ക് സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ആയത് ലഭ്യമല്ലെങ്കിൽ ഗുണഭോക്താവിന്റെ പാസ്ബുക്കിന്റെ തുക ലഭ്യമായത് രേഖപ്പെടുത്തിയ പേജിൽ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തിയതിന്റെ പകർപ്പ് എന്നിവ ബന്ധപ്പെട്ട പ്രൊജക്ടിന്റെ ഫയലിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു.

2. ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സാംഖ്യ, സേവന, സൂചിക, സ്ഥാപന, സചിത്ര എന്നിവ ലോക്കൽ സർവറുകളിൽ നിന്ന് ഉപയോഗിക്കപ്പെടുന്ന സോഫ്റ്റ് വെയറുകളാണ്. ആയതിന്റെ ഡാറ്റാ ബാക്ക് അപ് കൃത്യമായി ചെയ്യേണ്ടതാവശ്യമാണ്. നിലവിൽ പഞ്ചായത്ത് എല്ലാ സോഫ്റ്റ് വെയറുകളുടെയും ഇൻക്രിമെന്റൽ രീതിയിലുള്ള ബാക്ക് അപ് ചെയ്യുന്നതായും ആയത് എക്സ്റ്റേണൽ മെമ്മറിയിൽ പ്രതിമാസം സൂക്ഷിക്കുന്നുണ്ടെന്നും വ്യക്തമാകുന്നു. ആയത് പ്രതിദിനം ബാക്ക് അപ് ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതാണ്. എക്സ്റ്റേണൽ മെമ്മറി സെക്രട്ടറിയുടെ ഉടമസ്ഥതയിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ബാക്ക് അപ് പ്രോസസ്സിന്റെ കൃത്യമായ രേഖകൾ തയ്യാറാക്കി (documentation) സൂക്ഷിക്കുന്നത് പ്രവർത്തനങ്ങളിലെ സുതാര്യത വർദ്ധിപ്പിക്കുന്നതിനും ഐ.എസ്.ഒ. പ്രവർത്തനങ്ങൾക്കും സഹായിക്കുമെന്ന് അഭിപ്രായപ്പെടുന്നു.

3. ഗ്രാമപഞ്ചായത്തിൽ ശക്തമായ പാസ് വേർഡ് പ്രൊട്ടക്ഷൻ പോളിസി ഇല്ല. പഞ്ചായത്ത് ഡയറക്ടറുടെ 10.11.2017ലെ സി7/37287/17നമ്പർ സർക്കുലർ പ്രകാരം ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്വം അനുസരിച്ച് നല്കപ്പെടുന്ന പാസ് വേർഡുകൾ അതാത് ജീവനക്കാർ തന്നെ കൈകാര്യം ചെയ്യേണ്ടതും മൂന്ന് മാസത്തെ ഇടവേളകളിൽ പാസ് വേർഡ് മാറ്റേണ്ടതുമാണ്. ആയതിന്റെയും ഡോക്യുമന്റേഷൻ (പാസ് വേർഡ് വ്യക്തമാകാത്ത രീതിയിൽ) ചെയ്യുന്നത് നന്നായിരിക്കും. കാഷ് ചെസ്റ്റിന്റെ താക്കോലുകളിൽ ഒരെണ്ണം അക്കൗണ്ടന്റിന്റെ പക്കലും ഒരെണ്ണം ക്ലർക്കിന്റെ പക്കലും സൂക്ഷിക്കണം എന്ന മേൽ സർക്കുലറിലെ നിർദ്ദേശവും കൃത്യമായി പാലിക്കേണ്ടതാണ്.

4. പഞ്ചായത്തിലെ ഡിമാൻഡുകൾ വ്യത്യാസം വരുത്താനും ഹെഡ് തിരുത്താനുമുള്ള ജേർണൽ എൻട്രികൾ സെക്രട്ടറിയുടെ അനുമതിയോടെ പ്രൊസീഡിംഗ്സ് പ്രകാരം ചെയ്യുന്നത് അഭികാമ്യമായിരിക്കും. പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതിന്റെ കാരണങ്ങൾ ഫയലിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.10.2018 | 09/ 2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.03.2011 | 2005-06മുതൽ 2009-10 വരെ | 27.4.2011 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികക്കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല എന്നത് പരിഹരിച്ചിട്ടുണ്ട്.

## 1-13 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം. | ഇനം | തിരിച്ചടച്ച തുക | ചലാൻ / രസീത് നമ്പർ/ തീയതി |
|---|---|---|---|
| 7 | തൊഴിൽ നികുതി | 750 | 118010101032/ 28.11.2018 |
| 7 | തൊഴിൽ നികുതി | 600 | 118010101034/ 29.11.2018 |
| 3 | മരാമത്ത് | 12894 | 118010101039/ 29.11.2018 = 11310 118010101038/ 29.11.2018= 1584 |
| | ആകെ | 14244 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാ ക്കിയത് | കുറവ് | അർദ്ധ വർഷം |
|---|---|---|---|---|---|---|
| 1 | KSEB കീരംപാറ | രേഖപ്പെടുത്തി യിട്ടില്ല | 2500 (1250 x 2) | 1250 | 1250 | II |

സ്ഥാപന തൊഴിൽ നികുതിയിനത്തിൽ ഈടാക്കാത്ത തുകയായ 1250/-രൂപ സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയപദ്ധതിയിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 35/2017-18/ കാലിത്തീറ്റ വിതരണ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| അടങ്കൽ | 600000 |
| ചെലവ് വിവരം | 37000/-രൂപ (ബിൽ നമ്പർ-09 തീയതി. 23.02.18)<br>50000/- രൂപ (ബിൽ നമ്പർ-10 തീയതി. 23.02.18)<br>49000/- രൂപ (ബിൽ നമ്പർ-11 തീയതി .23.02.18)<br>48000/- രൂപ (ബിൽ നമ്പർ-14 തീയതി .22.03.18)<br>50000/- രൂപ (ബിൽ നമ്പർ-15 തീയതി. 22.03.18)<br>249140 (ഗുണഭോക്തൃ വിഹിതം)<br>483140 |

കീരമ്പാറ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങിയതിന് മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം 234000/- രൂപയും ഗുണഭോക്തൃ വിഹിതമായി പിരിച്ച 249140/- രൂപയും നൽകിയിരുന്നു. പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 1000 രൂപ സബ്സിഡിയും ബാക്കി തുക ഗുണഭോക്തൃ വിഹിതവുമായാണ് കേരള ഫീഡ്സിന് നൽകിയത്. 2017 ഡിസംബർ മാസം 49 ഗുണഭോക്താക്കൾക്ക് 2 ചാക്ക് വീതവും, 2018 മാർച്ച് മാസം 50 ഗുണഭോക്താക്കൾക്ക് 2 ചാക്ക് വീതവും കാലിത്തീറ്റ നൽകിയിരുന്നു. ലഭ്യമാക്കിയ ഇൻവോയ്സുകളിൽ നൽകേണ്ട തുകയേക്കാളും കൂടുതൽ തുക കേരള ഫീഡ്സിന് നൽകുകയുണ്ടായി. വിശദ വിവരം താഴെ ചേർക്കുന്നു.

| മാസം | ഇൻവോയ്സ് | നൽ | ബിൽ | ഗുണഭോക്തൃ | നൽകിയ | അധികം |
|---|---|---|---|---|---|---|

| | നമ്പർ/തീയതി | കേണ്ട തുക | പ്രകാരം അടച്ച തുക | വിഹിതം | തുക | നൽകിയ തുക |
|---|---|---|---|---|---|---|
| ഡിസംബർ /2017 | 032800/28.12.17 രൂപ 53300 032801/29.12.17 രൂപ 14350 032802/ രൂപ 32800 | 100450 | 49000 | 53410 | 102410 | 1960 |
| മാർച്ച് /2018 | 043936/19.03.18 രൂപ 52520 043937/19.03.18 രൂപ 16160 043938/19.03.18 രൂപ 32320 | 101000 | 50000 | 52500 | 102500 | 1500 |
| | | | | | ആകെ | 3460 |

.കേരള ഫീഡ്സിന് അധികം നൽകിയ 3460/- രൂപ ബന്ധപ്പെട്ട ഉണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ -അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 0133/18 ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 40934/-രൂപ |
| ചെലവ് വിവരം | 37500/- (ബിൽ നമ്പർ-12 തീയതി. 26.09.17)<br>1000/- (ബിൽ നമ്പർ- 22 തീയതി. 26.03.18)<br>38500 |

.കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് വേണ്ടി 2017-18 സാമ്പത്തിക വർഷം 38500/- രൂപ ചെലവഴിച്ചതായി ഫയൽ പരിശോധിച്ചതിൽ വ്യക്തമാണ്. എന്നാൽ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിച്ചതായി കാണുന്നില്ല. ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് ചെലവ് തുക 38500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നത്- അപാകത

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | എസ്.ഒ. 0029/18 എല്ലാ വാർഡുകളിലും വാട്ടർ കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 556053/- രൂപ |
| ചെലവ് വിവരം | 558400/- (ബിൽ നമ്പർ-33 തീയതി.12.03.18) |

കീരമ്പാറ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ വലിക്കുന്നതിന് 558400/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് അടച്ചിരുന്നു. എന്നാൽ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെകൊടുക്കുന്നു.

1. പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നത് എവിടെ തുടങ്ങി എവിടെ അവസാനിക്കുന്നുവെന്ന് എസ്റ്റിമേറ്റിൽ വ്യക്തമാക്കുന്നില്ല.
2. പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും 2.5%എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാവുന്നതാണ്. എന്നാൽ പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. മേൽ പ്രോജക്ടിൽ 12.5% സെന്റേജ് ചാർജ് ആയി 62038.62/- രൂപ നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ 49630.896/- രൂപ നൽകിയാൽ മതിയായിരുന്നു. അധികം നൽകിയ 12407.72/- രൂപ വാട്ടർ അതോറിട്ടിയിൽ നിന്നും തിരികെ ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവ് തുകയായ 558400/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 വയോജനങ്ങൾക്ക്കട്ടിൽ(എസ്.സി),വയോജനങ്ങൾക്ക് കട്ടിൽ(ജനറൽ)-അപാകത

1

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | 31/17-18,143/17-18 വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി), വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 148200/- രൂപ, 85800/- രൂപ |
| ചെലവ് വിവരം | 148200/- രൂപ (ബിൽ നമ്പർ – 07 തീയതി.14.02.18)<br>85800/- രൂപ (ബിൽ നമ്പർ – 08 തീയതി. 14.02.18) |

കീരമ്പാറ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയിൽ 38 എസ്.സി ഗുണഭോക്താക്കൾക്കും, ജനറൽ വിഭാഗത്തിൽ പെട്ട 22 ഗുണഭോക്താക്കൾക്കും കട്ടിൽ

നൽകിയിരുന്നു. 30.11.2017 ലെ ടെൻഡർ പ്രകാരം 5 വ്യക്തികൾ/ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ടെൻഡറുകളിൽ എറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത മുണ്ടിക്കുന്നേൽ എജൻസീസ് എന്ന സ്ഥാപനം ഒരു കട്ടിലിന് 3798/- രൂപ (ലോവസ്റ്റ്) നിരക്കിൽ ലഭ്യമാക്കാം എന്നത് ഒഴിവാക്കി ബെന്നി കൊല്ലറക്കൽ എന്ന വ്യക്തിയുടെ സ്ഥാപനം ലഭ്യമാക്കിയ 4100/-രൂപ നിരക്കിൽ നിന്നും നെഗോസിയേഷൻ നടത്തി ഒരു കട്ടിലിന് 3900/- രൂപ എന്ന നിരക്കിൽ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റി സാമ്പിൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എറ്റവും കുറഞ്ഞ നിരക്കിലുള്ള കട്ടിൽ ഒഴിവാക്കുകയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട താഴെ പ്പറയുന്ന അപാകത കാണുന്നു.

1. പ്രൊക്യൂർമെന്റ് കമ്മറ്റി സാമ്പിൾ ടെസ്റ്റ് നടത്തിയത് എങ്ങിനെയാണെന്ന് വ്യക്തമാക്കിയിട്ടില്ല.
2. ടെൻഡർ പ്രകാരം 5 സ്ഥാപനങ്ങൾ ലഭ്യമാക്കിയ നിരക്കുകളിൽ മൂന്നാം സ്ഥാനത്തുള്ള ബെന്നി കൊല്ലറക്കൽ എന്ന സ്ഥാപനത്തിൽ നിന്നും കട്ടിലുകൾ വാങ്ങിയപ്പോൾ രണ്ടാം സ്ഥാനക്കാരനെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗുണമേന്മ മരപ്പണിക്കാരനെ കൊണ്ട് പരിശോധിച്ച് ഉറപ്പ് വരുത്തിയതാണെന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഇല്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ കുടിശ്ശിക കുടിവെള്ള ചാർജ്ജ് അടച്ചതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 157/18, കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ കുടിശ്ശിക കുടിവെള്ള ചാർജ്ജ് അടച്ചത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 174000/-രൂപ |
| ചെലവ് വിവരം | 156552/- (ബിൽ നമ്പർ – 29 തീയതി.23.02.18)<br>16343/- (ബിൽ നമ്പർ – 40 തീയതി. 26.03.18) |

കീരമ്പാറ ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ കുടിശ്ശികയുള്ള കുടിവെള്ള ചാർജ്ജ് അടവാക്കുന്നത് സംബന്ധിച്ച് 23.01.2018 ൽ മൂവാറ്റുപുഴ പി.എച്ച് ഡിവിഷനിൽ അദാലത്ത് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആകെ ബിൽ തുകയായ 262218/- രൂപയിൽ 105666/- രൂപ വാട്ടർ അതോറിറ്റി കുറവ് വരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക 156552/- രൂപ വാട്ടർഅതോറിറ്റിയ്ക്ക് അടക്കുകയും ചെയ്തിരുന്നു. എന്നാൽ താഴെപ്പറയുന്ന ബില്ലിൽ നിന്നു പിഴ പലിശ ഉൾപ്പെടെ അടച്ചതായി കാണുന്നു.

| ക്രമ നമ്പർ | കൺസ്യൂമർ നമ്പർ | ബിൽ നമ്പർ /തീയതി | പിഴ പലിശ |
|---|---|---|---|
| 1 | 918 | 34681674/ 22.03.18 | 416 |
| 2 | 921 | 34681395/ 22.03.18 | 808 |
| 3 | 1310 | 34681718/ 22.03.18 | 68 |
| 4 | 1309 | 34681522/ 22.03.18 | 83 |
| 5 | 1181 | 32799200/ 20.01.18 | 177 |
| 6 | 917 | 34681672/ 22.03.18 | 453 |
| 7 | 861 | 34681714/ 22.03.18 | 130 |
| 8 | 860 | 34681719/ 22.03.18 | 140 |
| 9 | 859 | 34681675/ 22.03.18 | 102 |
| 10 | 858 | 34681461/ 22.03.18 | 62 |
| 11 | 856 | 3468840/ 22.03.18 | 99 |
| 12 | 854 | 34681575/ 22.03.18 | 123 |
| 13 | 658 | 34681237/ 22.03.18 | 138 |
| ആകെ | | | 2799 |

അദാലത്തിൽ തീർപ്പാക്കിയ കാലയളവ് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 4) മറുപടിയിൽ ചെറിയ പിഴ പലിശ അടച്ച് കുടിശ്ശിക തുക ഒടുക്കുന്നതിൽ ഇളവ് അനുവദിക്കുകയാണ് ചെയ്തതെന്നറിയിച്ചിട്ടുണ്ട്. മറ്റു തടസ്സങ്ങളൊന്നുമില്ലെങ്കിൽ ബില്ലുകൾ യഥാസമയം തന്നെ തീർപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾ

കീരമ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതികൾക്കായി തയ്യാറാക്കിയ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ പരിശോധനയിൽ വ്യക്തമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനനുസൃതമായി ഗ്രാമസഭകൾക്ക് മുന്നോടിയായി വ്യാപക പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്നതിലേക്കാണ് കോറം തികയാൻ മാത്രമുള്ള ജനപങ്കാളിത്തം സൂചിപ്പിക്കുന്നത്. പദ്ധതികളെക്കുറിച്ച് വ്യക്തമായ അവബോധം ജനങ്ങൾക്ക് നൽകാൻ സാധിച്ചില്ല എന്ന് പരിശോധനയിൽ വ്യക്തമായി. ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ട കരട് പദ്ധതിയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയില്ല. ഓരോ പദ്ധതിയുടെയും അർഹതാ മാനദണ്ഡം സംബന്ധിച്ച് ചർച്ച നടന്നിട്ടുണ്ടോ എന്ന് ഗ്രാമസഭ മിനിട്സുകളിൽ നിന്ന് വ്യക്തമാകുന്നില്ല. ഓരോ പദ്ധതികളുടെയും കൃത്യമായ മാനദണ്ഡം തയ്യാറാക്കി ഗുണഭോക്താക്കളുടെ എണ്ണവും ഗുണഭോക്തൃവിഹിതവും ഉൾപ്പെടുന്ന നോട്ടീസ് ഗ്രാമസഭയിൽ വിതരണം ചെയ്യേണ്ടതാണ്. വാർഡുകളിലുള്ള പ്രത്യേക നോട്ടീസ് ബോർഡുകളിന്മേൽ നോട്ടീസ് പ്രദർശിപ്പിക്കണം എന്ന മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

2. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളെപ്പറ്റി കാര്യമായ ചർച്ചയൊന്നും നടന്നിട്ടില്ല. ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഭരണസമിതിയിലും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പോലുള്ള മുകൾത്തട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകേണ്ട ശുപാർശകൾ തയ്യാറാക്കേണ്ടത് ആസൂത്രണസമിതിയായിരുന്നു. ആസൂത്രണസമിതിയുടെ പ്രവർത്തനം കേവലം ചില നിർദ്ദേശങ്ങളിലൊതുങ്ങി.
3. വാർഡ് തലത്തിൽ ലിസ്റ്റുണ്ടാക്കി എല്ലാ വാർഡിലേയും ഒന്നാമത് വരുന്നവർ അതിന് ശേഷം രണ്ടാമത് വരുന്നവർ എന്ന ക്രമത്തിലാണ് ഗുണഭോക്തൃലിസ്റ്റുണ്ടാക്കിയിരിക്കുന്നത്. പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര എന്ന പ്രൊജക്ടിൽ ഒന്നാം സ്ഥാനത്തുള്ള ഗുണഭോക്താവിന്റെ മാർക്ക് 50 ആണ്. രണ്ടും മൂന്നും സ്ഥാനത്തുള്ള ഗുണഭോക്താക്കളുടെ മാർക്കുകൾ 60 ഉം നാലാം സ്ഥാനത്തുള്ള ഗുണഭോക്താവിന് 30 മാർക്കും 9, 11 സ്ഥാനങ്ങളിലുള്ള ഗുണഭോക്താക്കൾക്ക് 70 ഉം മാർക്കാണുള്ളത്. അതുപോലെ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ടിൽ ഒന്നും രണ്ടും സ്ഥാനത്തുള്ള ഗുണഭോക്താക്കൾക്ക് 40 മാർക്കാണെങ്കിൽ ഒമ്പതാം സ്ഥാനത്തുള്ള ഗുണഭോക്താവിന് 90 മാർക്കാണ്. 17, 18 സ്ഥാനത്തുള്ള ഗുണഭോക്താവിന് 20 മാർക്കും വീണ്ടും 24 ാം സ്ഥാനത്തുള്ള ഗുണഭോക്താവിന് 80 മാർക്കാണ്. ഇത്തരത്തിൽ പ്രത്യക്ഷത്തിൽ തന്നെ യാതൊരു യുക്തിയില്ലാത്ത ഗുണഭോക്തൃലിസ്റ്റാണ് തയ്യാറാക്കിയിരിക്കുന്നത്.
4. എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്ന പ്രൊജക്ടിൽ ഗുണഭോക്തൃലിസ്റ്റിലെ ക്രമ നം.24, 26, 31, 35, 39 എന്നിവർക്ക് ആനുകൂല്യം നൽകാതെ ക്രമ നം.40, 41, 42, 43, 44 എന്നീ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. രേഖകൾ ഹാജരാക്കിയിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഗുണഭോക്താക്കൾക്ക് രേഖകൾ നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് കത്ത് നൽകിയതായോ ഈ വർഷം ആനുകൂല്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ല എന്നുള്ള അവരുടെ സമ്മതപത്രമോ ഫയലിൽ കാണുന്നില്ല. ഏതെങ്കിലും സാഹചര്യത്തിൽ ഗുണഭോക്തൃലിസ്റ്റിൽ മുകളിലുള്ള ഗുണഭോക്താവ് ആനുകൂല്യം കൈപ്പറ്റാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ സമ്മതപത്രം വാങ്ങി സൂക്ഷിക്കുന്നതിന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. മുൻഗണന പരിഗണിക്കാതെ സഹായം നൽകുന്നത് ഗ്രാമസഭയുടെ അധികാരത്തിനും പ്രാദേശിക ഭരണത്തിന്റെ അന്തസത്തക്കും വിരുദ്ധവുമാണ്.
5. ഗ്രാമസഭ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി യോഗത്തിൽ പങ്കെടുത്ത 15 പേരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കുക എന്ന ചുമതല ഗ്രാമസഭ കോർഡിനേറ്ററുടേതാണ്. എന്നാൽ ഒരൊറ്റ ഗ്രാമസഭയിൽപ്പോലും ഇത്തരത്തിൽ 15 പേരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല എല്ലാ ഗ്രാമസഭകളുടെയും ഫോട്ടോഗ്രാഫ് ഗ്രാമസഭ മിനിട്സിൽ ഒട്ടിച്ച് വയ്ക്കണം എന്ന 17-18 മാർഗ്ഗരേഖ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. ഓരോ ഗ്രാമസഭയിൽ നിന്നും വികസന സെമിനാറിലേക്ക് പങ്കെടുക്കുന്ന 5 പേരെ തെരഞ്ഞെടുക്കണം എന്ന നിർദ്ദേശം എല്ലാ ഗ്രാമസഭകളിലും പാലിക്കപ്പെട്ടോ എന്ന് വ്യക്തമല്ല. ആയത് സംബന്ധിച്ച് യാതൊരു വിവരവും പല മിനിട്സ് ബുക്കിലും കാണുന്നില്ല. മേൽ അപാകതകളെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനും ആയത് ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിലെ അപാകതകൾ

1. രജിസ്റ്ററുകളിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അപേക്ഷ ലഭിച്ചതിന്റെയും ആയത് അനുവദിച്ചോ നിരസിച്ചോ എന്ന വിവരവും മാത്രമാണ് രജിസ്റ്ററിൽ ചേർക്കുന്നത്. അപേക്ഷകൾ സേവന സോഫ്റ്റ് വെയറിൽ ചേർത്തതിന്റെ തിയതിയും ലഭിച്ച പെൻഷൻ നമ്പരും ഏത് മാസം മുതലാണ് പെൻഷൻ നൽകിത്തുടങ്ങിയത് എന്നുള്ള വിവരങ്ങളും രജിസ്റ്ററിൽ ചേർത്ത് നിരീക്ഷിക്കേണ്ടതാണ്. 2017-18 ൽ വിവിധ പെൻഷനുകളുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ സോഫ്റ്റ് വെയറിൽ ചേർത്ത് വിതരണം നടത്തിയോ എന്നതും ഏത് മാസം മുതലാണ് പെൻഷൻ നൽകിത്തുടങ്ങിയത് എന്നതും മേൽ വിവരങ്ങൾ ഇല്ലാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ വിവരങ്ങൾക്കൊപ്പം പെൻഷനുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളും ആയതിന്റെ തുടർനടപടികളും രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

2. ഓഡിറ്റ് വർഷം വിവിധ പെൻഷനുകളിലെ വിവിധ ബാച്ചുകളിലായി വിതരണം ചെയ്തതിൽ ഒട്ടനവധി ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങൾ കൊണ്ട് പെൻഷൻ ലഭിച്ചില്ല എന്ന് കാണുന്നു. മരണം, ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുക, അക്കൗണ്ട് നിലവിലില്ല തുടങ്ങി പല കാരണങ്ങൾകൊണ്ടുമാണ് പെൻഷൻ ലഭിക്കാത്തത്. മേൽ കാരണങ്ങൾ കൊണ്ട് തുക നൽകാതിരിക്കുന്ന അക്കൌണ്ടുകളെല്ലാം ഇപ്പോഴും active എന്ന ഗണത്തിലാണ് പെടുന്നത്. ഇപ്പോഴും പെൻഷൻ തുക ലഭ്യമാകുന്നുമുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ലഭിച്ചതായി കാണുന്നില്ല. തുക തിരികെ സർക്കാരിലേക്ക് ഒടുക്കിയതായാണ് കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പേര് | അക്കൗണ്ട് നം. | പെൻഷൻ ഇനം | ലഭ്യമാകാതിരുന്ന കാലയളവ് | കാരണം | ഇതുവരെ ലഭ്യമാകാതിരുന്ന തുക |
|---|---|---|---|---|---|---|
| 1 | പത്രോസ്. പി.വി | 106870200353 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 2017 ഏപ്രിൽ മുതൽ | ബാങ്ക് അക്കൗണ്ട് നിലവിലില്ല/ ക്ലോസ് ചെയ്തു etc.. | 18,700 |
| 2 | എൽസി ജോർജ്ജ് | 106870200338 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 2017 ജനുവരി മുതൽ | ബാങ്ക് അക്കൗണ്ട് നിലവിലില്ല /ക്ലോസ് ചെയ്തു etc.. | 24,700 |
| 3 | ജോയ്. സി.കെ | 106870200526 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 2017 ജനുവരി മുതൽ | ബാങ്ക് അക്കൗണ്ട് നിലവിലില്ല / ക്ലോസ് ചെയ്തു etc.. | 27,700 |
| 4 | മറിയാമ്മ മത്തായി | 106870500019 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2017 ജനുവരി മുതൽ | ബാങ്ക് അക്കൗണ്ട് നിലവിലില്ല/ക്ലോസ് ചെയ്തു etc.. | 24,700 |
| 5 | തങ്കമ്മ അയ്യപ്പൻ | 106870110891 | കർഷക തൊഴിലാളി പെൻഷൻ | 2017 മെയ്, ജൂൺ, ജൂലായ് | ബാങ്ക് അക്കൗണ്ട് നിലവിലില്ല / ക്ലോസ് ചെയ്തു etc.. | 7400 |

| | | | | | | |
|---|---|---|---|---|---|---|
| 6 | പാറുക്കുട്ടി തങ്കപ്പൻ | 106870600113 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 2016 ജനുവരി മുതൽ | ബാങ്ക് അക്കൗണ്ട് നിലവിലില്ല/ ക്ലോസ് ചെയ്തു etc.. | 48,400 |

മേൽ ഗുണഭോക്താക്കൾക്ക് ഇപ്പോഴും പെൻഷൻ വരുന്നുണ്ട്. എന്നാൽ തുക വിതരണം ചെയ്യപ്പെടുന്നില്ല. മരണം എന്ന് രേഖപ്പെടുത്തിയിട്ടുള്ള അക്കൌണ്ടുകൾ suspend എന്ന ഗണത്തിൽ പെടുത്താതെ വീണ്ടും തുക വരുന്നതായും കാണുന്നുണ്ട്. ഇത് ദുരുപയോഗത്തിന് കാരണമാകാം എന്ന് മുന്നറിയിപ്പ് നൽകുന്നു. Account blocked, no such account തുടങ്ങി പല രീതിയിലും പെൻഷൻ വിതരണം മുടങ്ങുന്നുണ്ട്. ഇവയിൽ പല ഗുണഭോക്താക്കളുടെയും അപാകതകൾ ഇതുവരെ പരിഹരിച്ചിട്ടില്ല. തുക വരുന്നതും തിരിച്ചയക്കുന്നതും തുടരുകയാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട സംവിധാനങ്ങൾ പഞ്ചായത്ത് നടപ്പിലാക്കേണ്ടതാണ്.

3. തുക നേരിട്ട് വിതരണം ചെയ്യുന്ന രീതിയിലും അപാകതകൾ കാണുന്നുണ്ട്. സഹകരണ ബാങ്ക് അംഗങ്ങളും പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് അംഗം എന്നിവർ ഉൾപ്പെടുന്ന മോണിറ്ററിങ് കമ്മിറ്റി മീറ്റിംഗ് നടക്കുന്നില്ല എന്നതാണ് അപാകതക്ക് പ്രധാന കാരണം. ഓരോ ബാച്ച് പെൻഷൻ വിതരണത്തിന് ശേഷവും മേൽ മീറ്റിംഗ് നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

## 3-8 പാലിയേറ്റീവ് കെയർ പദ്ധതിയിലെ അപാകതകൾ

(1) വാഹന കോൺട്രാക്ടറിൽ നിന്നും ഇൻകം ടാക്സ് ഒടുക്കിയില്ല.

പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം വാഹനം കോൺട്രാക്ട് വ്യവസ്ഥയിൽ ഉപയോഗിക്കുകയും ഈ ഇനത്തിൽ പ്രതിദിനം 900, 1,100 എന്നീ നിരക്കുകൾ പ്രകാരം 139 ദിവസത്തെ വേതനമായ 1,32,200/- രൂപ ശ്രീ.വി.എ.രാമചന്ദ്രൻ എന്ന വ്യക്തിക്ക് നൽകുകയും ചെയ്തു. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194C പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം 1,00,000/- രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് 1 ശതമാനം നികുതി (വ്യക്തികളിൽ നിന്ന്) ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്. ആയതിനാൽ നഷ്ടതുകയായ 1,322/- രൂപ ടിയാനിൽ നിന്നും ഈടാക്കി കേന്ദ്ര സർക്കാരിലേക്ക് അടക്കേണ്ടതാണ്.

(2) മരുന്ന് ലഭ്യമായില്ല

പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതിക്ക് വേണ്ടി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ഇൻവോയ്സ് നം PRF1008/29.09.2017 പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി 62,503/- രൂപ നല്കി. എന്നാൽ നാളിത് വരെ 43,263/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 19,240/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകാനുണ്ട്. പാലിയേറ്റീവ് പദ്ധതിയുടെ മരുന്ന് സമയബന്ധിതമായി ലഭ്യമാകാത്തത് പ്രസ്തുത പദ്ധതിയെ ഗുരുതരമായി ബാധിക്കും എന്നതിനാൽ മരുന്ന് എത്രയും വേഗം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

1. അഡ്മിനിസ്ട്രേറ്റീവ് ചെലവ് സാമ്പത്തികപരിധി കടക്കുന്നു.

ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയുടെ കൂലി ചെലവ് 65,53841/- രൂപയാണ്.അഡ്മിനിസ്ട്രേറ്റീവ് ചെലവ് 4,39,135/- രൂപയുമാണ്. ആകെ ചെലവ് 88,200/- രൂപയുടെ കംപ്യൂട്ടർ പർച്ചേസ് അടക്കം 70,81,176/- രൂപയാണ്. അഡ്മിനിട്രേറ്റീവ് ചെലവുകളുടെ ലിമിറ്റ് ആകെ ചെലവിന്റെ 5.5 ശതമാനമാണ്. എന്നാൽ ഓഡിറ്റ് വർഷത്തെ പഞ്ചായത്തിലെ അഡ്മിനിസ്ട്രേറ്റീവ് ചെലവ് 6.20 ശതമാനമാണ് എന്ന് കാണുന്നു. ജീവനക്കാരുടെ എണ്ണവും പദ്ധതികളുടെ എണ്ണവും തമ്മിൽ ക്രമരഹിതമായ വ്യത്യാസം ഉണ്ടാകാതിരിക്കാനാണ് ഇത്തരത്തിൽ ഒരു നിയന്ത്രണ സംവിധാനം ഒരുക്കിയിരിക്കുന്നത്. ഇത് കർശനമായി പാലിക്കേണ്ടതാണ്. ഒരു വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ ഏകദേശം മുൻകൂട്ടി കാണാൻ സാധിക്കും. അതിനനുസരിച്ച് പദ്ധതികൾ ധാരാളമായി തയ്യാറാക്കുക എന്നതാണ് ചെയ്യേണ്ടത്.

2. സോളിഡ് ബ്ലോക്ക് നിർമ്മാണം പദ്ധതിയിലെ അപാകതകൾ.

കേന്ദ്ര സർക്കാരിന്റെ ഗ്രാമ വികസന വകുപ്പിന്റെ J11017/26/2008-MGNREGA (UN) Dt:13.01.2014 കത്ത് പ്രകാരം കെട്ടിട നിർമ്മാണ സാമഗ്രികൾ ഫീൽഡ് ട്രയൽ അടിസ്ഥാനത്തിൽ നിർമ്മിച്ച് PMAY, IAY തുടങ്ങിയ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് സൗജന്യമായി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സോളിഡ് ബ്ലോക്ക് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം ഒന്നാം വാർഡിൽ ഫീൽഡ് ട്രയൽ അടിസ്ഥാനത്തിൽ നടത്തിയത് അഭിനന്ദനാർഹമാണ്. പ്രസ്തുത പ്രൊജക്ടിൽ സംഭവിച്ച ചില അപാകതകൾ ചുവടെ ചേർക്കുന്നു.

(എ). കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പാക്കണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വലിപ്പം, ശക്തി എന്നിവയ്ക്ക് ഇൻഡ്യൻ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ അടിസ്ഥാനത്തിലുള്ള ടെസ്റ്റുകൾ ചെയ്യേണ്ടിയിരുന്നു. അത്തരത്തിലുള്ള പരിശോധനയുടെ അഭാവം കെട്ടിടത്തെ ദോഷകരമായി ബാധിച്ചേക്കാം.
(ബി). അൺ സ്കിൽഡ് തൊഴിൽ കൂലി 33 ശതമാനത്തിൽ കുറയാൻ പാടില്ല.പ്രസ്തുത വേലയിൽ നേരിയ തോതിലുള്ള കുറവ് സംഭവിച്ചിട്ടുണ്ട്. (ആകെ ചെലവ്- 1,82,854/- രൂപ, തൊഴിൽ കൂലി-57,444/-, ശതമാനം 31.42 )
(സി). ജി.എസ്.ടി ഒടുക്കുന്നുണ്ടോ എന്നുറപ്പാക്കുന്നതിന് മെറ്റീരിയലിന്റെ യഥാർത്ഥ ബിൽ വാങ്ങി സൂക്ഷിക്കണം.
(ഡി). സോളിഡ് ബ്ലോക്ക് നിർമ്മാണ യൂണിറ്റിനായി വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങളിൽ മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-10 ചെലവ് വൗച്ചറുകളുടെ പരിശോധന - മറ്റ് അപാകതകൾ

1. കീരമ്പാറ പഞ്ചായത്തിൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് തെരുവ് വിളക്കുകളുടെ

സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന് കാണുന്നു. തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ കൃത്യത വരുത്തുന്നതിനായി സംയുക്ത പരിശോധന നടത്തേണ്ടത് അത്യാവശ്യമാണ്. പ്രസ്തുത പ്രവൃത്തിക്കും തെരുവു വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനും വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സാക്ഷരത ഗുണഭോക്താക്കൾക്ക് പഠന സഹായം (S025/17) എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി സംസ്ഥാന ലിറ്ററസി മിഷന് 8,750 രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ റസീപ്റ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
3. വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന ഇലക്ട്രോണിക് ബില്ലുകളുടെ സാംഖ്യ സോഫ്റ്റ് വെയറിൽ നിന്ന് ലഭിക്കുന്ന പെയ്മെന്റ് വൗച്ചറുകൾ അതാത് മാസത്തെ വൗച്ചറിലോ പ്രത്യേക വൗച്ചറിലോ സൂക്ഷിക്കേണ്ടതാണ്.

# 3-11 വിവിധ പ്രൊജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിക്കുന്നില്ല

കീരമ്പാറ ഗ്രാമ പഞ്ചായത്തിൽ മുൻകാലങ്ങളിൽ വിവിധ പദ്ധതികൾക്ക് ലഭിച്ച തുകകൾ വിനിയോഗിക്കപ്പെടാതെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതായി ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പാലമറ്റത്ത് വനിതാവികസന കേന്ദ്രം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 10,00,000/- രൂപ ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. 2013 ലാണ് പ്രസ്തുത തുക ലഭിച്ചത്.
2. പട്ടികജാതി കോളനി റോഡിനും മറ്റൊരു റോഡിനുമായി (ഏതെന്ന് പരിശോധനയിൽ വ്യക്തമായില്ല) 4,00,000/- രൂപ 3,00,000/- രൂപ എന്നിങ്ങനെ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചത് ഇതുവരെ ഉപയോഗിച്ചിട്ടില്ല. ഏത് വർഷമാണ് തുക ലഭിച്ചതെന്നും വ്യക്തമല്ല.
3. 2013-14 വർഷത്തിൽ സോളാർ പ്രോജക്ടിന് വേണ്ടി ലഭിച്ച 5,00,000/- രൂപ ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.
4. വിമുക്തി ലഹരി വിരുദ്ധപദ്ധതിക്കായി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി ലഭിച്ച 37,500/- രൂപ ഇതുവരെ ചെലവഴിച്ചിട്ടില്ല. മേൽ തുകകൾ ചെലവഴിക്കുകയോ ഏതെങ്കിലും സാഹചര്യത്തിൽ നിർദ്ദിഷ്ട പ്രോജക്ട് നടപ്പാക്കാൻ കഴിയില്ലെങ്കിൽ ജില്ലാ പഞ്ചായത്തുമായി കൂടിയാലോചിച്ച് മറ്റെന്തെങ്കിലും പ്രോജക്ട് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്

# 3-12 പൊതു ടാപ്പുകൾ - കുടിശ്ശിക തുക സംബന്ധിച്ച്

പഞ്ചായത്തിലെ പൊതുടാപ്പുകളുടെ പ്രതിമാസ ബിൽ തുക 2017-18 വർഷത്തിൽ അടവാക്കിയില്ല. വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം പ്രതിമാസം 89688/- രൂപയാണ് ബിൽ തുക വരുന്നത്. ഇതോടൊപ്പം എല്ലാ മാസവും പിഴയും കൂടി ഉൾപ്പെടുത്തിയ ബില്ലാണ് പഞ്ചായത്തിന് കിട്ടുന്നത്. ഫയൽ പരിശോധിച്ചപ്പോൾ 31.03.2017 ൽ അടക്കുവാൻ ബാക്കി നിൽക്കുന്നത് 9795468/- രൂപയും ഫൈൻ ഇനത്തിൽ 192174/- രൂപയുമാണ്. 31.03.2018 ൽ ഇത് 1,33,24,313/- രൂപയായി ഉയർന്നിട്ടുണ്ട്. ഇത്രയധികം കുടിശ്ശിക വരാനിടയായത്

പ്രതിമാസ ബിൽ തുക അടക്കാത്തതു മൂലമാണ്. പഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ സംയുക്ത പരിശോധന നടത്തി കൃത്യമായി പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കി ഡിമാന്റ് നിശ്ചയിക്കാത്തതിനാലാണ് തുക അടക്കാത്തതെന്ന് പഞ്ചായത്തും, കുടിശ്ശിക തുക അടക്കാതെ നിലവിലെ ബിൽ തുക സ്വീകരിക്കുകയില്ലായെന്ന് വാട്ടർ അതോറിറ്റിയും നിലപാട് സ്വീകരിച്ചതിനാലാണ് ഇത്തരം സാഹചര്യം സംജാതമായതെന്ന് അന്വേഷണത്തിൽ വ്യക്തമായി. ഡിമാന്റ് കൃത്യമല്ലാത്തതിനാൽ പഞ്ചായത്തിന്റെ ധനകാര്യ പത്രികയിലും ബാധ്യതയായി ഈ തുക ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. നിലവിലെ സ്ഥിതിയിൽ മാറ്റം വരുത്തുകയും യഥാർത്ഥത്തിൽ അടക്കേണ്ടതുക നിർണ്ണയിച്ച് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1500000 | ഭവന നിർമ്മാണം SC ലൈഫ് മിഷൻ | 0 | 1500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 70875 | ശാരീരികവും മാനസികവുമായി വെല്ലുവിളി കൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 70875 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാൽ ഇൻസെന്റീവ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 212750 | നെൽകൃഷി വികസനം | 212750 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 87500 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 87500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവ | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നം. / ബിൽ നം. | നൽകിയ തുക | ഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | എല്ലാ വാർഡുകളിലും പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 33/ 12.3.2018 | 558400 | 0 | 558400 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന നിർമ്മാണം | 530/2010/ ത.സ്വ.ഭ.വ. തീ.18.2.2010 | 8850000 | 2890500 | 801326 | 0 | 2089174 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 6250/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തീയതി |
|---|---|---|---|---|
| 2016-17 | 2-5 | 2500 | ഹൈറേഞ്ച് വുഡ് ട്രീറ്റ്സ് | 117010100670/ 17.7.2017 |
| 2015-16 | 2-6 | 2400 | പെരിയാർ ആപ്കോസ് | 117010100670/ 10.8.2017 |
| 2016-17 | 2-5 | 750 | സെന്റ് മേരീസ് ഇൻവെസ്റ്റ്മെന്റ് | 117010102776/ 28.3.2018 |

| | | | | |
|---|---|---|---|---|
| 2016-17 | 2-6 | 600 | പെരിയാർ ആപ്കോസ് | 117010102803/ 29.3.2018 |
| | ആകെ | 6250 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40167902.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40061668.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1250 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1322 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 596900 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 1250 | - | ശ്രീമതി.സിന്ധു.വി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 37500 | ശ്രീമതി. ഡാർലിമോൾ ചെറിയാൻ, സെക്രട്ടറി ഇൻ ചാർജ് |
| | 1000 | ശ്രീമതി. സിന്ധു.വി, സെക്രട്ടറി |
| 3-3 | 558400 | ശ്രീമതി. സിന്ധു.വി, സെക്രട്ടറി |
| ആകെ | 596900 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 (1) | 1322 | ഡോ. അഞ്ജന കെ.ജി., മെഡിക്കൽ ഓഫീസർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അഞ്ജന.കെ.ജി., മെഡിക്കൽ ഓഫീസർ | ലഭ്യമാക്കിയില്ല | തുരുത്തിയിൽ ഹൗസ്, കോട്ടപ്പടി പി.ഒ., കോതമംഗലം |
| ശ്രീമതി. സിസ്ധു.വി., സെക്രട്ടറി | സെക്രട്ടറി, രാമമംഗലം ഗ്രാമ പഞ്ചായത്ത് | ഡയമണ്ട് ടവേഴ്സ്, ഫ്ലാറ്റ് നം. ബി 4, പെരുമാനൂർ പി.ഒ., തേവര,എറണാകുളം |
| ശ്രീമതി.ഡാർലിമോൾ ചെറിയാൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കീരംപാറ ഗ്രാമ പഞ്ചായത്ത് | നെല്ലിയാനിയിൽ ഹൗസ്, കോതമംഗലം പി.ഒ., കോതമംഗലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1983-84 | എൽ.എഫ്.ഇ.പി1.209/93/തീയതി : 05.11.1996 |
| 1984-85 | എൽ.എഫ്.ഇ.പി1.56/89/തീയതി : 01.02.1995 |
| 1985-86 | എൽ.എഫ്.ഇ.പി1. 344/89/തീയതി :01.02.1990 |
| 1986-87 | എൽ.എഫ്.ഇ.പി1.539/90/തീയതി :22.01.1991 |
| 1987-88 | എൽ.എഫ്.ഇ.പി1.613/90തീയതി :03.10.1996 |
| 1988-89, 89-90 | എൽ.എഫ്.ഇ.പി1.145/94/തീയതി :08.10.1996 |
| 1990-91, 91-92, 92-93 | എൽ.എഫ്.ഇ.പി1.253/95/തീയതി :13.10.1995 |
| 1996-97 | എൽ.എഫ്.ഇ.പി1.1196/1997 തീയതി :06.07.1998 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി1.1231/98തീയതി :12.05.1999 |
| 1997-98(വരവ്) | എൽ.എഫ്.ഇ.പി1.1651/99/തീയതി :05.07.2000 |
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ഇ.പി1.673/2004തീയതി : 08.04.2005 |
| 1995-96 | എൽ.എഫ്.ഇ.പി.7. 856/2010 തീയതി :04.06.2011 |
| 1998-99 | എൽ.എഫ്.ഇ.പി.7. 08/2008 തീയതി : 09.02.2009 |
| 1999-2000 | എൽ.എഫ്.ഇ.പി.7. 09/2008 തീയതി : 09.02.2009 |
| 2000-01 | എൽ.എഫ്.ഇ.പി.7. 10/2008 തീയതി : 09.02.2009 |
| 2001-02 | എൽ.എഫ്.ഇ.പി.7. 11/2008 തീയതി : 09.02.2009 |
| 2002-03 | എൽ.എഫ്.ഇ.പി.7. 12/2008 തീയതി : 09.02.2009 |
| 2003-04 | എൽ.എഫ്.ഇ.പി.7. 13/2008 തീയതി : 09.02.2009 |
| 2004-05 | എൽ.എഫ്.ഇ.(പി7) 857/2010 തീയതി :04.06.2011 |
| 2005-06 | എൽ.എഫ്.ഇ.(പി7). 858/2010തീയതി :04.01.2011 |

| | |
|---|---|
| 2006-07 | എൽ.എഫ്.ഇ.(പി7). 191/12 തീയതി : 21.04.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7). 192/12 തീയതി : 21.04.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7). 193/12 തീയതി : 21.04.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7). 194/12 തീയതി : 21.04.2012 |
| 2010-11, 11-12 | എൽ.എഫ്.ഇ.(പി7). 1698/13 തീയതി : 23.10.2013 |
| 2012-13, 13-14 | എൽ.എഫ്.ഇ.(പി7). 648/1 തീയതി : 08.06.15/ 22.07.15 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം. (പി 7)1320/2016 തീയതി 3.8.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി 14) 177/2017 തീയതി 06.02.17 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1415/2017 തീയതി 26.07.17/28.09.17 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 -ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കീരംപാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

### 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കപ്പെട്ടില്ല

വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ